മാതൃഭൂമി

Mathrubhumi Seed

Student Empowerment for Environmental Development

IN PARTNERSHIP WITH FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 08 MAY 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Cover photo: Shutterstock

# മുളയ്ക്കട്ടെ മഴത്തുള്ളികൾ



**പു**തിയ അധ്യയന വർഷത്തിലേക്ക് കടക്കാനൊരുങ്ങുകയാണല്ലോ. അപ്പോഴേക്കും മൺസൂൺ മഴയുമെത്തിയേക്കാം. മഴത്തുള്ളികൾ മനസ്സിൽ പതിക്കുമ്പോൾ പുതിയ ചിന്തകളും ശീലങ്ങളും മുളപൊട്ടി വളരട്ടെ. അത് പ്രകൃതിയെ മനസ്സിലാക്കുന്ന, അന്നം തരുന്ന മണ്ണിനെ അറിയുന്ന, കരുത്തും കാമ്പുമുള്ള ചിന്തകളായി പടരട്ടെ...

എഡിറ്റോറിയൽ

# പാഠപുസ്തകമാവണം സ്കൂൾ

കളികളും കളിക്കളങ്ങളും കുട്ടികൾക്ക് അന്യമാവുന്ന കാലത്താണ് നാം എത്തിനിൽക്കുന്നത്. പാഠപുസ്തകങ്ങൾ മാത്രം പഠിച്ചുവളരുന്ന കുട്ടികൾ അടച്ചുവച്ച പുസ്തകം പോലെ സമൂഹത്തിൽ ഒറ്റപ്പെട്ടുപോകാം. സ്കൂൾ മൈതാനങ്ങളിൽ അവർ ഓടിക്കളിക്കണം, കഴിയുമെങ്കിൽ ഒരു ദിവസം അര മണിക്കൂറെങ്കിലും. കളികളിൽ അവർ ജയിക്കാൻ മാത്രമല്ല, തോൽക്കാനും പഠിക്കും. ആ തോൽവിയുടെ പാഠങ്ങൾ അവരെ ജീവിതത്തിൽ തോൽക്കാതിരിക്കാൻ സഹായിക്കും. സ്കൂളിൽ മരവും ചെടിയും പുഴുവും പൂമ്പാറ്റയും കുട്ടികൾക്ക് ചങ്ങാതിമാരാവട്ടെ. സ്കൂൾ വലിയൊരു പാഠപുസ്തകമാവട്ടെ!





# വനം
## മക്കൾക്കുള്ള ശ്വാസം

ഭൂമിയുടെ ശ്വാസകോശമാണ് കാട്. ഒരു ഹെക്റ്റർ മഴ കാട് മണിക്കൂറിൽ ഇരുന്നൂറ് പേരുടെ ഉച്ഛ്വാസ വായുവിന് തുല്യമായ കാർബൺഡൈ ഓക്സൈഡ് വലിച്ചെടുത്ത് ജീവികൾക്ക് ആവശ്യമായ പ്രാണവായു പുറത്തേക്കുവിടുന്നു. വലിയ മരങ്ങളും അതിലെ ചെറുവള്ളികളും അതിൽ പങ്കാളികളാണ്. ആദിമ മനുഷ്യന്റെ ജന്മഭൂമിയാണ് കാട്. പ്രകൃതിയുടെ എല്ലാ ഭാവങ്ങളും നിറഞ്ഞു നിൽക്കുന്ന ഒരിടം. കാടിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന മനുഷ്യർ ഇന്നുമുണ്ട്. അവർ വനത്തിനെ മാതൃതുല്യം ആരാധിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നു. എന്നാൽ വനനശീകരണം പ്രകൃതിയെ മാറ്റി മറിക്കുന്നു. കാലാവസ്ഥയും ജീവിതവും മാറുന്നു. മനുഷ്യന്റെ സ്വാർഥമായ പ്രവർത്തനങ്ങളുടെ ഫലമാണ് വനനശീകരണം. വനങ്ങൾ ഇന്നത്തേക്കു മാത്രമുള്ളതല്ല. അത് എന്നത്തേക്കും നിലനിൽക്കേണ്ടതാണ്. വരും തലമുറയ്ക്കും കൂടി അവകാശപ്പെട്ടതുമാണ്.

ആശ്രിത പ്രീതിക്കുട്ടൻ, ക്ലാസ്-൯
ജി.എച്ച്.എസ്.എസ്. വീയപുരം
ആലപ്പുഴ



കേരളം അറിയാൻ

# നിറയണം മഴക്കുഴികൾ

മഴക്കാലത്ത് ഒഴുകി നഷടപെടുന്ന മഴവെള്ളവും മേൽമണ്ണും സംരക്ഷിക്കപെടണം. ഇത് വളരെ പ്രാധാന്യത്തോടെ കാണേണ്ട കാര്യമാണ്. ലളിതവും ചെലവില്ലാത്തതുമായ ഒരു പരിഹാരമാണ് മഴക്കുഴികൾ. കുന്നും മലകളും നിറഞ്ഞ കേരളത്തിൽ ഒരോ മഴക്കാലത്തും നഷ്ടമാകുന്ന മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങിയാൽ വേനലിലെ ജലക്ഷാമത്തിന് പരിഹാരമാകും. ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതാണ് കുളങ്ങളും കിണറുകളും അന്യം നിന്നുപോകാൻ കാരണമാവുന്നത്. ലോക പരിസ്ഥിതി ദിനത്തിൽ മരതൈകൾ നടന്നതു പോലെ തന്നെ മഴക്കുഴികൾ നിർമ്മിക്കുന്നതിനും നാം പ്രാധാന്യം നൽകണം.

അതുൽ പി. അനിൽ, ക്ലാസ് -6
എസ്.എൻ.യു.പി.എസ്
പോത്തിൻകണ്ടം, ഇടുക്കി

# മൈന



ഒരു ചെറിയ പക്ഷിയാണ് നാട്ടുമൈന. മൈനയുടെ വലിപ്പം സാധാരണയായി 23 സെ.മീ. മുതൽ 26 സെ.മീ. വരെയാണ്. നാട്ടിൻപുറങ്ങളിലും പട്ടണപ്രദേശങ്ങളിലുമെല്ലാം മൈനകളെ കാണാം. മങ്ങിയ തവിട്ടുനിറമാണ് ദേഹമെങ്കിലും തല, കഴുത്ത്, വാൽ എന്നിവ കറുപ്പും, ചിറകിന്നടിഭാഗം, പിൻഭാഗം, എന്നിവ വെളുപ്പുമാണ്. കൊക്കും കാലുകളും മഞ്ഞ നിറമാണ്. കൊക്കിനു സമീപത്തു തുടങ്ങി കണ്ണിനു ചുറ്റുമായി കവിളിൽ പടർന്നു കിടക്കുന്ന മഞ്ഞനിറം നാട്ടുമൈനയെ തിരിച്ചറിയാൻ സഹായിക്കും. പറക്കുമ്പോൾ ചിറകിലുള്ള വെളുത്ത പുള്ളികൾ ഒരു വര പോലെ തെളിഞ്ഞു കാണാം. ഒരോ കാലും മാറി മാറി വെച്ച് നടക്കുകയാണ് ചെയ്യുക. നടക്കുമ്പോൾ ശരീരം ഒരോ ഭാഗത്തേയ്ക്ക് ചെരിയും. മിശ്രഭുക്കാണ് നാട്ടുമൈന. അവ പ്രാണികളെ മാത്രമല്ല, പഴങ്ങളും ആഹാരമാക്കും.





മുഹമ്മദ് അർമാൻ സെയ്ത്, ക്ലാസ്-10
എം.എം.ഒ.വി.എച്ച്.എസ്.എസ്. പനയപ്പിള്ളി
എറണാകുളം

ഈ ഫോട്ടോ കാണാം

# കൈക്കുടന്ന നിറയെ തണൽ



കൈകുമ്പിളിൽ വൃക്ഷതൈ പിടിച്ചുകൊണ്ട് ഭൂഗോളത്തിന്റെ പശ്ചാത്തലത്തിൽ എടുത്ത ചിത്രം

എം.എം.കൃഷ്ണശ്രീ
തോന്നയ്ക്കൽ ജി.എച്ച്.എസ്.എസ്.
തിരുവനന്തപുരം

# അടുക്കളമാലിന്യത്തിൽ നിന്ന് കമ്പോസ്റ്റ്

അടുക്കളയിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിച്ച് കമ്പോസ്റ്റാക്കി കൃഷിക്ക് ഉപയോഗിക്കാം. മൺചട്ടിയാണ് ഇത്തരത്തിൽ കമ്പോസ്റ്റ് തയാറാക്കാൻ ഏറെ അനുയോജ്യം. പ്ലാസ്റ്റിക്ക് ബക്കറ്റും ഉപയോഗിക്കാം. മാലിന്യങ്ങൾ നിക്ഷേപിക്കാൻ ഉപയോഗിക്കുന്ന പാത്രത്തിന്റെ അടിയിൽ ആദ്യം കുറച്ച് ഉണങ്ങിയ ഇല കമ്യൂണിസ്റ്റ് പച്ച, ശീമക്കൊന്നയില എന്നിവ ഇടണം. ഇതിനു ശേഷം വേണം ഓരോ ദിവസത്തെയും മാലിന്യങ്ങൾ നിക്ഷേപിക്കാൻ. പച്ചക്കറി അവശിഷ്ടങ്ങൾ, മുട്ടത്തോട് തുടങ്ങിയവ നിക്ഷേപിക്കാം. ചോറ്, കറി, നാരങ്ങത്തോട് പോലുള്ള സാധനങ്ങൾ കമ്പോസ്റ്റ് പാത്രത്തിലിടരുത്. ഓരോ തവണയും മാലിന്യമിട്ട ശേഷം ഒരുപിടി ചകിരിച്ചോർ മുകളിൽ വിതറണം.




പാത്രം നിറയും വരെ ഈ രീതി പിന്തുടരാം. മാലിന്യമിടുന്ന പാത്രം അടച്ചുവയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പാത്രം നിറഞ്ഞ് ഒരാഴ്ചയ്ക്കു ശേഷം കമ്പോസ്റ്റ് പുറത്തെടുക്കാം. നല്ല പോലെ പൊടിഞ്ഞ കമ്പോസ്റ്റായിരിക്കും ലഭിക്കുക.

സിജി അഗസ്റ്റിൻ (അധ്യാപിക)
സെൻറ് തോമസ് HSS, തോമാപുരം
കാസർകോട്



# ശ്യാമവാനിലേതോ കണിക്കൊന്ന പൂത്തുവോ.....



*ശ്യാമവാനിലേതോ കണിക്കൊന്ന പൂത്തുവോ*
*പ്രിയ ഗ്രാമകന്യ കണ്ടുണർന്നുവോ*
*ശ്യാമവാനിലേതോ കണിക്കൊന്ന പൂത്തുവോ*
*സ്വർണ്ണമല്ലി പൂവുതിർന്നുവോ*
*പ്രിയഗ്രാമകന്യ കണ്ടുണർന്നുവോ*
*കുങ്കുമപ്പൂത്താലം കതിരോന്റെ പൊന്നുകാലം*
*കണ്ടു കൊതി പൂണ്ടു ഗന്ധരാജമേഘജാലം*

**ആ**നച്ചന്തം എന്ന സിനിമയിലെ ഗാനമാണിത്. പി.സി അരവിന്ദൻ രചിച്ച് ജെയ്സൺ ജെ.നായർ ഈണം പകർന്ന് ജി.വേണവേണുഗോപാൽ ആലപിച്ച ഗാനം.

വിഷു വന്നാൽ മലയാളിമനസ്സിലാണ് കണിക്കൊന്ന പൂവിടുക. ഗ്രാമകന്യക കണികണ്ടുണരുന്ന കൊന്നപ്പൂക്കളാണ് ഈ ഗാനത്തിലെ പ്രമേയം. വേനലിന്റെ ചൂടിലും സ്വർണ്ണനിറത്തിൽ പൂത്തു നിൽക്കുന്ന കൊന്ന, പ്രതീക്ഷയുടെ പൂക്കൾ വിടർത്തുന്നു. ഈ ഗാനത്തിലും കറുത്ത ആകാശത്തിൽ പ്രതീക്ഷയായാണ് കണിക്കൊന്ന പൂക്കുന്നത്.



ഹേമലത കെ.പി.
സീഡ് കോർഡിനേറ്റർ
കയരളം എ.യു.പി. സ്കൂൾ, കണ്ണൂർ

ഇത് അതിശയം തന്നെ

# മഴവിൽ നദി

ബഹുവർണങ്ങളിൽ ഒഴുകുന്ന ഒരു നദി! കൊളംബിയയിലാണ്, പേര് "കാനോ ക്രിസ്റ്റൽ". ചുവപ്പ്, മഞ്ഞ, പച്ച, നീല, കറുപ്പ് എന്നീ നിറങ്ങളിലാണ് നദി ഒഴുകുന്നത്. നൂറു കിലോമീറ്ററോളമാണ് നീളം.

നദിയുടെ അടിത്തട്ടിൽ വളരുന്ന മക്കനേറിയ ക്ലാവിഗെറ എന്ന ഒരിനം ജലസസ്യമാണ് നിറങ്ങളുടെ കാരണം. ഈ ചെടിക്ക് നല്ല ചുവപ്പ് നിറമായതിനാൽ നദിയുടെ അടിത്തട്ട് ചുവന്ന് തുടുത്തിരിക്കും. സൂര്യപ്രകാശം ഏൽക്കുമ്പോൾ ഇത് പർപ്പിൾ, മജന്ത നിറങ്ങളിലും കാണും. നദിക്കരയിലെ മണൽത്തരികൾ പച്ചയും മഞ്ഞയും കലർന്നതാണ്. ഇത് ജലത്തിൽ നന്നായി പ്രതിഫലിക്കും. കൊടും വനത്തിലൂടെ ഒഴുകുന്നതിനാൽ കാടിന്റെ ഇരുണ്ട നിറം കറുപ്പായി പ്രതിഫലിച്ചു കാണാം. നദീതടം വലിയൊരു ടൂറിസ്റ്റ് കേന്ദ്രമായി വളർന്നു കഴിഞ്ഞു.



ആതിര പ്രദീപ്
മൗണ്ട് കാർമൽ ജി.എച്ച്.എസ്.എസ്.
കഞ്ഞിക്കുഴി, കോട്ടയം



# ചുവ...
# കാള കോപിക്കുമോ?

**കാ**ളപ്പോര് ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ ഏറ്റവും പ്രചാരമുള്ളതും വിവാദപരവുമായ ഒരു ആചാരമാണ്. മത്സരിക്കാൻ എത്തിയ വ്യക്തി തന്റെകയ്യിലുള്ള ചുവന്ന തുണി ഉയർത്തുകയും കാള ദേഷ്യത്തോടെ അതിനെ പിന്തുടരുകയും ചെയ്യുന്നു. വാസ്തവത്തിൽ ചുവപ്പുനിറം കാളകളെ ദേഷ്യം പിടിപ്പിക്കുന്നില്ല. കാളകൾക്ക് ചുവപ്പ് നിറം കാണാനും സാധിക്കില്ല. അതുകൊണ്ടുതന്നെ തുണിയുടെ ചലനമാണ് കാളയെ പ്രകോപിപ്പിക്കുന്നത്.

ശ്രേതാ എസ്. നായർ
സെന്റ് ജോസഫ്സ്
ആംഗ്ലോ ഇന്ത്യൻ G.H.S.S.,കോഴിക്കോട്

ലോകം എങ്ങനെ

# അമേരിക്ക മുത്തങ്ങ





സെന്ന (സെന്ന സ്പെക്റ്റാബിലൈസ്) എന്ന വിദേശസസ്യം 1980 കളിൽ സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി മുത്തങ്ങ വനമേഖലകളിൽ നട്ടുപിടിപ്പിച്ചു. വേര് മുതൽ ഇല വരെ മാരക വിഷമടങ്ങിയിരിക്കുന്ന ഈ സസ്യത്തിന്റെ ഒരു ഭാഗവും ഉപയോഗയോഗ്യമല്ല. മുത്തങ്ങ വനമേഖലയിലെ സ്വാഭാവിക വനത്തെ നശിപ്പിക്കുന്ന സെന്ന, സസ്യ ജന്തു ജൈവ വൈവിധ്യ ശോഷണത്തിനും കാരണമാകുന്നു. പുല്ല് വർഗ്ഗസസ്യങ്ങളെയും ഇല്ലാതാക്കി അതിവേഗം വളരുന്ന സെന്നയുടെ ജന്മദേശം അമേരിക്കയാണ്.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനഫലങ്ങൾ അനുസരിച്ച് ഈ സസ്യങ്ങൾ വളരുന്നിടത്ത് പുല്ല്, പ്രാണികൾ, സസ്യഭുക്കുകൾ ഇവ കാണപ്പെടുന്നില്ല. മണ്ണിന്റെ വളക്കൂറ് പൂർണമായും ഇല്ലാതാക്കാൻ കഴിവുള്ള രാസപദാർത്ഥങ്ങൾ ഇതിന്റെ ഇലകളിൽ അടങ്ങിയിട്ടുണ്ടെന്ന് വിദഗ്ധർ പറയുന്നു. വെട്ടി നശിപ്പിച്ചാലും പിഴുതുമാറ്റിയാലും അത്ഭുതപ്പെടുത്തുന്ന അതിജീവന സാധ്യതയാണ് സെന്നയ്ക്കുള്ളത്.

മുത്തങ്ങ കാടുകളിൽ 40% ൽ അധികം വളർന്നു കഴിഞ്ഞ സെന്ന, ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ജൈവ അധിനിവേശം കാലാവസ്ഥാവ്യതിയാനത്തിനും ആവാസവ്യവസ്ഥാനാശത്തിനും ജൈവവൈവിധ്യ ശോഷണത്തിനും കാരണമാകുന്നു.

ഷംന കെ., സീഡ് കോർഡിനേറ്റർ
ജി.യു.പി.എസ്. കമ്പളക്കാട്
വയനാട്

പൂവറിവ്



# ഇരപിടിയൻ കാക്കപ്പൂവ്

നീലകണ്ണുകളുള്ള കാക്കപ്പൂവിനെ കണ്ടാൽ ഇരപിടിയൻ സസ്യമാണെന്ന് ആരെങ്കിലും കരുതുമോ? “യൂട്രിക്കുലേറിയ“ എന്നറിയപ്പെടുന്ന കാക്കപ്പൂവ് “Lentibulariaceae കുടുംബത്തിൽപ്പെടുന്നു. ഓഗസ്റ്റ്–ഒക്ടോബർ മാസങ്ങളിലാണ് പൂവിടുക. ഓണപൂക്കളങ്ങളിൽ കാക്കപ്പൂവ് ഉപയോഗിക്കുന്നു. കിണ്ടിപ്പൂവ്, നെല്ലിപ്പൂവ് തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നു. Bladder wort ആയ ഈ സസ്യം ചതുപ്പിൽ സമൃദ്ധമായി വളരും. കുഞ്ഞനിലകളോട് ചേർന്നുള്ള നേർത്ത പച്ചത്തണ്ടിൽ സൂക്ഷിച്ചുനോക്കിയാൽ ബൾബ് പോലൊരു ഭാഗം കാണാം. കുഞ്ഞുപ്രാണികൾ അതിനടുത്തുകൂടി വരുമ്പോൾ അതിനോട് ചേർന്ന നേർത്തനാരുകൾ പോലുള്ള ഭാഗങ്ങൾ പ്രാണികളെ കെണിയിലാക്കും. മനോഹരപുഷ്പങ്ങളിൽ ആകൃഷ്ടരായെത്തുന്ന പ്രാണികൾ വഴിയാണ് ഈ ചെടിയിൽ പരാഗണം നടക്കുന്നത്. അതിനുശേഷമാണ് പ്രണികളെ ആഹാരമാക്കുന്നത്. രോഗകാരികളായ ഇത്തിരിക്കുഞ്ഞൻ പ്രാണികളെ ആഹാരമാക്കി ശുചീകരണജോലി കൂടി ചെയ്യുന്നുണ്ട് ഇത്തിരിക്കുഞ്ഞൻ ഇരപിടിയൻ.



അലീന സാജൻ
ജി.യു.പി.എസ്. കുമരനെല്ലൂർ
കോട്ടയം

വർണച്ചിറക്

കവിത



# വഴിപോക്കൻ

ഇതളുകൾ വിരിച്ച നിഴലിന്റെ ഇരുളിൽ
ഇത്തിരി തുണ്ടിൽ തെളിയും പച്ചപ്പ് തേടി
അതിൽ വിരിയും തണൽ പൂക്കൾക്കായ്
ഇറ്റിറ്റു വീഴുമാ സ്നേഹത്തിൻ തുള്ളി മോന്തി
നാളെയുടെ ചൂളം വിളി കാതോർത്ത്
വിദൂരതയിൽ പൊഴിയുമാ പാതയോരത്ത്
തിരിയുമൊരു ചക്രത്തിനായ് മിഴിനട്ട്
പൂർവിക മുദ്ര പതിഞ്ഞ പറുദീസകളിൽ
പുതുതാം കാലടി പണിയാൻ വെമ്പി
തിരതല്ലിയാടുന്ന ഹൃദയതീരത്ത് വിരിയും
കനൽപ്പൂവുമായി കാത്തിരിപ്പാണ്
വഴിപോക്കൻ.

ടിഷു ജോസഫ് , സീഡ് കോർഡിനേറ്റർ
സെൻറ് അഗസ്റ്റിൻസ് G.H.S.S, കോതമംഗലം
എറണാകുളം

വർണച്ചിറക്

കഥ

# ബന്ധനം

**വെ**ള്ളി മേഘങ്ങൾക്ക് കീഴെയുള്ള നീലാകാശം എന്നെ വല്ലാതെ ആകർഷിക്കുന്നുണ്ട്. അറിയില്ല ഇനി എനിക്ക് പറന്നുല്ലസിക്കാൻ പറ്റുമോ എന്ന്. അമ്മയോടും അച്ഛനോടും ഒപ്പം കൂട്ടിൽ കിടന്ന ഞാൻ ഈ പെറ്റ്ഷോപ്പിൽ എത്തി. ഇപ്പോൾ ഇവിടുന്ന് എന്നെ പുതിയ സ്ഥലത്തേക്ക് കൊണ്ടു പോകുന്നു. ഇനി കൂട്ടിൽ തന്നെ. പക്ഷേ, ഈ വീട്ടുകാർ നല്ല ആൾക്കാരാണ്. ഇടയ്ക്ക് വീടിനുള്ളിൽ എന്നെ തുറന്നു വിടും. ഒടുവിൽ എന്നെയും ആ കൂട്ടിൽ നിന്നും തുറന്നു വിട്ടു. യഥേഷ്ടം പറന്നു നടക്കാം, മരങ്ങളിൽ കൂടുകൂട്ടാം. ഇവിടെ എനിക്ക് വേറെയും കൂട്ടുകാരുണ്ട്. പക്ഷെ ആരും പറന്നകന്നു പോകുന്നില്ല. അവിടെ പറമ്പിൽ തന്നെ കൂടുകൂട്ടി കുഞ്ഞുങ്ങളുമായി കഴിയുന്നു. തീറ്റതേടി അലയേണ്ട മരങ്ങളിൽ ഇഷ്ടം പോലെ പഴങ്ങൾ ഉണ്ട്. എല്ലാനമനുഷ്യരും ഇതുപോലെ ചിന്തിച്ചിരുന്നെങ്കിൽ.... പെട്ടന്ന് കുഞ്ഞിതത്ത ഞെട്ടിയുണർന്നു. അതൊരു സ്വപ്നമായിരുന്നു എന്നു മനസ്സിലാവാൻ കുറച്ചു സമയം വേണ്ടിവന്നു. അപ്പോഴേക്കും കടക്കാരൻ വന്ന് കൂട്ടിൽ വാടിയ രണ്ടു പയറും ഒരുപഴവും വെള്ളവും വെച്ചിട്ട് തിരിച്ചുപോയി.



അഫ്രിൻ ഫാത്തിമ
ക്ലാസ്-6
ജി.എച്ച്.എസ്.എസ്. ചെറുതുരുത്തി

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

കല്ലിൽ കാല് തട്ടുമ്പോൾ
കല്ല് ശത്രുവാണെന്ന്
നമ്മൾ ഉറപ്പിക്കുന്നു.
കല്ലല്ല, നമ്മുടെ കാലാണ്
കല്ലിനെ തട്ടിയതെന്ന്
ഓർക്കാറുമില്ല.
കല്ലും മരവുമൊന്നും
ആരുടെയും ശത്രുക്കളല്ല.

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം. വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed